**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാകളക്ടറുടെ നടപടിക്രമം.**(1/c)

(സാന്നിദ്ധ്യം:- റെജി പി ജോസഫ്)

വിഷയം:- ദുരന്തനിവാരണം - ചിമ്മിനി ഡാമിൽ നിന്നും അധികജലം പുറത്തേക്ക് ഒഴുക്കി വിടുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

പരാമർശം:-

1. കേരള സർക്കാരിന്റെ 2021 ലെ കാലവർഷ – തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ (ഓറഞ്ച് ബുക്ക്).
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശൂരിന്റെ 06.09.2021 തീയതിയിലെ D6-3882/2021 നമ്പർ കത്ത്.
3. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മഴ പ്രവചനം.

**ഉത്തരവ് നമ്പർ DCTSR/3900/2021-കെ1 തീയ്യതി: 06.09.2021**

ചിമ്മിനി ഡാമിന്റെ 06.09.2021 തീയതിയിൽ പ്രഭാതത്തിലെ ജലവിതാനം 74.94 മീറ്ററാണെന്നും പ്രസ്തുത തീയതിയിലെ ഡാമിലെ ജലവിതാനം അനുവദനീയമായ സംഭരണ ജലവിതാനത്തേക്കാൾ കൂടുതലായതിനാലും വൃഷ്ടി പ്രദേശത്തെ മഴമൂലം ഡാമിലേക്കുള്ള നീരൊഴുക്കു കൂടിയതിനാലും ഡാമിന്റെ 4 സ്പിൽവേ ഷട്ടറുകൾ 5 സെ.മീ. വീതം തുറന്ന് കുറുമാലിപ്പുഴയിലേക്ക് ജലം ഒഴുക്കിവിടുന്നതിനുള്ള അനുവാദം നൽകണമെന്നും പരാമർശം (2) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശൂർ ആവശ്യപ്പെട്ടിട്ടുണ്ട്.

തുടർച്ചയായ ദിവസങ്ങളിൽ കനത്ത മഴ ലഭിച്ചതിന്റെ ഫലമായുള്ള നീരൊഴുക്ക് തുടരുന്നതിനാലും വരുംദിവസങ്ങളിൽ സംസ്ഥാനത്തെ ഒട്ടുമിക്ക ജില്ലകളിലും യെല്ലോ അലർട്ട് കേന്ദ്ര കാലാവസ്ഥാവകുപ്പ് പ്രവചിച്ചിട്ടുള്ളതിനാലും പരാമർശം (1) ഓറഞ്ച് ബുക്കിലെ നിർദ്ദേശപ്രകാരം ഡാമിന്റെ റൂൾ ലെവൽ പാലിച്ച് വെള്ളക്കെട്ട് മൂലമുള്ള ഏതൊരു ദുരന്തസാഹചര്യത്തേയും ഒഴിവാക്കി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ആവശ്യമായ മുന്നറിയിപ്പുകൾ നൽകി 07.09.2021 തീയതി പകൽ 8.00 മണിക്ക് ശേഷം ചിമ്മിനി ഡാമിൽ നിന്നും സ്പിൽവേ ഷട്ടറുകൾ വഴി അധികജലം പുറത്തേക്ക് ഒഴുക്കി ഡാമിന്റെ റൂൾ ലെവൽ പാലിച്ച് പ്രളയ സാധ്യത ഒഴിവാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശൂരിന് നിർദ്ദേശം നൽകിക്കൊണ്ടും വെള്ളക്കെട്ട് മൂലമുള്ള ദുരന്ത സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകികൊണ്ടും തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർപേഴ്സണും ജില്ലാ കളക്ടറുമായ റെജി പി ജോസഫ് എന്ന ഞാൻ ദുരന്തനിവാരണ ആക്ട് 2005 ലെ സെക്ഷൻ 26(2) പ്രകാരം എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് സെക്ഷൻ 34(a) (b) (c) (d) (e) (f) (j) (h) (i) (k) (m) എന്നിവ പ്രകാരം ഉത്തരവാകുന്നു.

**നിർദ്ദേശങ്ങൾ**

1. ചിമ്മിനി ഡാമിലെ സ്പിൽവേ ഷട്ടറുകൾ തുറക്കുന്നതുമൂലം അധികജലം ഒഴുകിവന്ന് കുറുമാലി, കരുവന്നൂർ പുഴകളിലെ ജലനിരപ്പ് ഉയരുവാൻ സാധ്യതയുള്ളതിനാൽ പൊതുജനങ്ങളും കുട്ടികളും പുഴയിൽ ഇറങ്ങുന്നതിനും പുഴയിൽ കുളിക്കുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും ഫോട്ടോ എടുക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തി അടിയന്തര സാഹചര്യം നേരിടുന്നതിനാവശ്യമായ നടപടികൾ ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി / റൂറൽ) എന്നിവർ സ്വീകരിക്കേണ്ടതാണ്.

2. കോവിഡ് മാനദണ്ഡമനുസരിച്ച് പ്രളയദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കുന്നത് ഉൾപ്പെടെയുള്ള മുൻകരുതൽ നടപടികൾ തഹസിൽദാർ ചാലക്കുടി, മുകുന്ദപുരം, കൊടുങ്ങല്ലൂർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ എന്നിവർ സ്വീകരിക്കേണ്ടതാണ്.
3. ചിമ്മിനി ഡാമിലെ അധികജലം ഒഴുകിവരുന്നതുമൂലം കുറുമാലി, കരുവന്നൂർ പുഴകളിലെ ജലനിരപ്പ് 20 സെ.മീറ്ററിലധികം ഉയരുവാൻ സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾക്ക് ഇതു സംബന്ധിച്ച മുന്നറിയിപ്പ് മൈക്ക് അനൗൺസ്മെന്റ് മുഖേന നൽകേണ്ടതാണ്. ഇതിനുള്ള നടപടികൾ ഇരിങ്ങാലക്കുട മുൻസിപ്പൽ സെക്രട്ടറി, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പുതുക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പറപ്പൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി, നെന്മണിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മുരിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വല്ലച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ സ്വീകരിക്കേണ്ടതാണ്.
4. കുറുമാലി, കരുവന്നൂർ പുഴകളിൽ മത്സ്യ ബന്ധനത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. ഇതിനുള്ള നടപടികൾ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.
5. അപകടസാഹചര്യം നേരിടുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ ജില്ലാ ഫയർ ഓഫീസർ സ്വീകരിക്കേണ്ടത്.
6. ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങൾ മുഖേനയുള്ള മുന്നറിയിപ്പ് നൽകുന്നതിനുള്ള നടപടികൾ ജില്ലാ ഇൻഫർമേഷൻ ഓഫീസർ സ്വീകരിക്കേണ്ടതാണ്.
7. ചിമ്മിനി ഡാമിലെ ജലനിരപ്പിന്റെ തോത് ഓരോ മണിക്കൂർ ഇടവേളകളിലും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണകേന്ദ്രത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശൂർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
8. മുകളിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികളുടെ മേൽനോട്ടം റവന്യൂ ഡിവിഷണൽ ഓഫീസർ ഇരിങ്ങാലക്കുട നിർവ്വഹിക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തപക്ഷം ദുരന്ത നിവാരണ ആക്ട് 2005 ലെ ചാപ്റ്റർ X പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരായിരിക്കും.

കളക്ട്രേറ്റ്
06 SEP 2021

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &
ജില്ലാ കളക്ടർ, തൃശ്ശൂർ (i/c)

സ്വീകർത്താവ്:
1. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട
2. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി / റൂറൽ)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
5. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
6. തഹസിൽദാർ, ചാലക്കുടി / മുകുന്ദപുരം / കൊടുങ്ങല്ലൂർ
7. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശൂർ

8. ജില്ലാ ഫയർ ഓഫീസർ, തൃശ്ശൂർ.
9. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ (ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ മുഖേനയുള്ള പ്രസിദ്ധീകരണത്തിനായി)
10. സെക്രട്ടറി, ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റി.
11. സെക്രട്ടറി, വരന്തരപ്പിള്ളി / മറ്റത്തൂർ / കൊടകര / പുതുക്കാട് / അളഗപ്പനഗർ / പറപ്പൂക്കര / നെന്മണിക്കര / പൊറത്തിശ്ശേരി / മുരിയാട്/വല്ലച്ചിറ ഗ്രാമപഞ്ചായത്ത്
12. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, തൃശൂർ (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

പകർപ്പ് :

1. ബഹു. എം.എൽ.എ. പുതുക്കാട് നിയോജകമണ്ഡലം (ആമുഖകത്ത് സഹിതം)
2. ജില്ലാ ദുരന്തനിവാരണ അതോറിറ്റി സഹ അദ്ധ്യക്ഷൻ & ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, തൃശൂർ (ആമുഖകത്ത് സഹിതം)
3. ചെയർപേഴ്സൺ, ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റി.
4. പ്രസിഡണ്ട്, വരന്തരപ്പിള്ളി / മറ്റത്തൂർ / കൊടകര / പുതുക്കാട് / അളഗപ്പനഗർ / പറപ്പൂക്കര / നെന്മണിക്കര / പൊറത്തിശ്ശേരി / മുരിയാട്/വല്ലച്ചിറ ഗ്രാമപഞ്ചായത്ത്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
6. കമ്മീഷണർ, ദുരന്തനിവാരണം, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
7. സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം, തിരുവനന്തപുരം.
8. ജില്ലാ വികസന കമ്മീഷണർ, തൃശൂർ
9. അസിസ്റ്റന്റ് കളക്ടർ (U/T), തൃശൂർ
10. ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം), കളക്ടറേറ്റ്, തൃശൂർ
11. ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം, എറണാകുളം